(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കാമോ ?

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ) :

(എ) ഉണ്ട്. പ്രധാന ഗസ്റ്റ് ഹൗസുകൾ/യാത്രി നിവാസുകൾ/കേരളാ ഹൗസുകൾ എന്നിവയുടെ നവീകരണവും പുനരുദ്ധാരണവും നടന്നുവരുന്നു. പൊന്മുടി, മൂന്നാർ എന്നിവിടങ്ങളിൽ അക്കൊമഡേഷൻ കോംപ്ലക്സുകളുടെ പണി ആരംഭിച്ചു. കണ്ണൂർ ഗസ്റ്റ് ഹൗസ് അഡീഷണൽ ബ്ലോക്ക്, ദേവികുളം യാത്രി നിവാസ് എന്നിവ പ്രവർത്തനമാരംഭിച്ചുകഴിഞ്ഞു. ടൂറിസം വകുപ്പിന്റെ കീഴിലുള്ള ഗസ്റ്റ് ഹൗസുകളിൽ മികച്ച സൗകര്യങ്ങളൊരുക്കാനുള്ള നടപടികളെടുത്തുവരുന്നു. കൂടാതെ സ്വദേശ-വിദേശ വിനോദസഞ്ചാരികൾ, പൊതുജനങ്ങൾ എന്നിവർക്കും കുടി കുറഞ്ഞ ചെലവിൽ സുരക്ഷിതമായ താമസ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ടൂറിസം വകുപ്പ് പുതിയതായി കന്യാകുമാരി, ഗുരുവായൂർ, അതിരപ്പള്ളി എന്നിവിടങ്ങളിൽ മൂന്ന് യാത്രി നിവാസുകൾ ബഡ്ജറ്റ് അക്കൊമഡേഷൻ ഉദ്ദേശത്തോടെ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. അതിനുള്ള സ്ഥലം കണ്ടെത്തിക്കഴിഞ്ഞു.

(ബി) സംസ്ഥാനത്തെത്തുന്ന ഗവർണ്ണർമാർ/കേന്ദ്രമന്ത്രിമാർ/വിശിഷ്ട/അതിവിശിഷ്ട വ്യക്തികൾ/കേന്ദ്ര സംസ്ഥാന ഉന്നതോദ്യോഗസ്ഥർ/വിദേശ പ്രതിനിധികൾ/സ്വദേശ-വിദേശ വിനോദസഞ്ചാരികൾ/സാധാരണക്കാർ എന്നിവർക്ക് മികച്ച താമസസൗകര്യം ഒരുക്കുക എന്നതാണ് ഈ പദ്ധതികളുടെ ലക്ഷ്യം.

(സി) വിനോദസഞ്ചാര മേഖലയിൽ താമസസൗകര്യം ഒരുക്കുന്നതിനായി പുതിയതായി മൂന്ന് യാത്രി നിവാസുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.അതുകൂടാതെ വിനോദസഞ്ചാര വകുപ്പിനുകീഴിലുള്ള ഗസ്റ്റ് ഹൗസുകളിൽ മികച്ച സേവനം നൽകുന്നതിനായി കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ, ഫർണിഷിംഗ് എന്നിവ നടന്നുവരുന്നു.

തൊഴിൽ നിയമങ്ങളുടെ പരിഷ്കരണം

17 (*527) ശ്രീ. വി. റ്റി. ബൽറാം :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് തൊഴിൽ നിയമങ്ങൾ പരിഷ്കരിക്കുന്നതിന് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) :

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് തൊഴിൽ ചെയ്യുവരുന്ന തൊഴിലാളികൾക്ക് അർഹതപ്പെട്ട വേതനവും ആരോഗ്യപരിരക്ഷയും തൊഴിൽ സുരക്ഷയും ഉറപ്പുവരുത്തുന്നതിലേയ്ക്കായി 1948-ലെ മിനിമം വേതന നിയമം, 1958-ലെ കേരള ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ് (നാഷണൽ & ഫെസ്റ്റിവൽ ഹോളിഡേയ്സ്) ആക്ട് എന്നീ നിയമങ്ങൾ ഭേദഗതി നടത്തുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. 1960-ലെ കേരള ഷോപ്പ് & കൊമേഴ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, 1959-ലെ പ്ലാന്റേഷൻ ലേബർ ചട്ടങ്ങൾ എന്നിവയും ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കാനുള്ള നടപടി സർക്കാർ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ വിവിധ മേഖലകളിലെ തൊഴിലാളികളുടെയും ഇതര സംസ്ഥാനങ്ങളിൽനിന്നും വന്ന് നമ്മുടെ സംസ്ഥാനത്ത് ജോലി ചെയ്യുവരുന്ന തൊഴിലാളികളുടെയും ജീവിത സാഹചര്യം മെച്ചപ്പെടുത്തുക എന്നതാണ് തൊഴിൽ നിയമങ്ങളുടെ പരിഷ്കരണത്തിലൂടെ പ്രധാനമായും ലക്ഷ്യം വയ്ക്കുന്നത്. കേരള സംസ്ഥാനത്തെ തൊഴിൽ മേഖലകളിൽ നിയമംമൂലം യാതൊരു വേതനനിരക്കും നിശ്ചയിക്കപ്പെട്ടിട്ടില്ലാത്ത തൊഴിലാളികൾക്ക് അടിസ്ഥാന നിരക്കിൽ ഒരു കേവല വേതനം അവകാശമാക്കുന്നതിനായുള്ള ബിൽ തൊഴിൽ വകുപ്പ് തയ്യാറാക്കിവരികയാണ്.

(സി) തൊഴിൽ നിയമങ്ങൾ പരിഷ്കരിക്കുന്നതിനായി ലേബർ കമ്മീഷണറേറ്റിൽ ഒരു തൊഴിൽ നിയമപരിഷ്കരണ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

ഗാന്ധിഗ്രാമം പദ്ധതി

18 (*528) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly